**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 768** **17-09-2025 - ൽ മറുപടിയ്ക്ക്**

**പി.എം. കുസും പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ കർഷകർക്ക് സൗജന്യമായി സൗരോർജ്ജ പമ്പുകൾ നൽകാനുള്ള പി.എം. കുസും (പ്രധാനമന്ത്രി കിസാൻ ഊർജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ) കേന്ദ്ര പദ്ധതിയുമായി ബന്ധപ്പെട്ട് അനെർട്ട് നടത്തിയ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ടെണ്ടർ രേഖകളുടെയും ഇത് സംബന്ധിച്ച ഫയലിന്റെയും പകർപ്പുകൾ സഹിതം വിശദവിവരം നൽകാമോ; | (എ) | പി. എം. കുസും പദ്ധതിയുടെ ടെൻഡർ രേഖകൾ ഉൾപ്പെട്ട ഇ-ഫയലിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | അനെർട്ട് സി.ഇ.ഒ.-യ്ക്ക് എത്ര കോടി രൂപയുടെ ടെണ്ടർ വിളിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ടെണ്ടറാണ് വിളിച്ചിട്ടുള്ളത്; ഏത് സാഹചര്യത്തിലാണ് ഉയർന്ന തുകയുടെ ടെണ്ടർ വിളിക്കാൻ നടപടി സ്വീകരിച്ചതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | സോളാർ പ്ലാന്റ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്മേൽ ഒറ്റപ്രവൃത്തിയ്ക്കായി ടെൻഡർ നടത്തുന്നതിന് സി. ഇ. ഒ. അനെർട്ടിന് നിശ്ചയിച്ചിട്ടുള്ള നിലവിലെ പരിധി 5 കോടി രൂപയാണ്. കേന്ദ്ര ഊർജ്ജ മന്ത്രാലയമായ MNRE (മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി) -യുടെ സ്റ്റേറ്റ് നോഡൽ ഏജൻസി ആയ അനെർട്ടിനെ 9,348 പമ്പുകൾ സൗരോർജ്ജവല്ക്കരിക്കുവാൻ 2022 - ൽ ചുമതലപ്പെടുത്തിയിരുന്നു.<br><br>പി. എം. കുസും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം നിർമ്മാണം നടത്തേണ്ട കമ്പനികളെ തെരഞ്ഞെടുക്കാനുള്ള എംപാനൽമെന്റ് പ്രക്രിയയാണ് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അനെർട്ട് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയ്ക്കായി ടെൻഡർ വിളിച്ചതുൾപ്പെടെ ഉയർന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനി ടെണ്ടറിൽ നിന്ന് പിന്മാറിയപ്പോൾ അവരുടെ തുക കണ്ടു കെട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; റീ-ടെണ്ടർ നടത്തിയപ്പോൾ ആദ്യ കരാറിനേക്കാൾ വൻതുക വ്യത്യാസത്തിൽ കരാർ നൽകുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; റീ-ടെണ്ടറിൽ കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | സോളാർ പ്ലാന്റ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്മേൽ ഒറ്റപ്രവൃത്തിയ്ക്കായി ടെൻഡർ നടത്തുന്നതിന് സി. ഇ. ഒ. അനെർട്ടിന് നിശ്ചയിച്ചിട്ടുള്ള നിലവിലെ പരിധി 5 കോടി രൂപയാണ്. കേന്ദ്ര ഊർജ്ജ മന്ത്രാലയമായ MNRE (മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി) - യുടെ സ്റ്റേറ്റ് നോഡൽ ഏജൻസി ആയ അനെർട്ടിനെ 9,348 പമ്പുകൾ സൗരോർജ്ജവല്ക്കരിക്കുവാൻ 2022 - ൽ ചുമതലപ്പെടുത്തിയിരുന്നു.<br><br>പി. എം. കുസും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം നിർമ്മാണം നടത്തേണ്ട കമ്പനികളെ തെരഞ്ഞെടുക്കാനുള്ള എംപാനൽമെന്റ് പ്രക്രിയയാണ് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അനെർട്ട് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയ്ക്കായി ടെൻഡർ വിളിച്ചതുൾപ്പെടെ ഉയർന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇ-ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയിൽ തിരുത്തൽ വരുത്തി വലിയ അഴിമതി നടത്തിയതായി ആരോപണം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സോളാർ പ്ലാന്റ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്മേൽ ഒറ്റപ്രവൃത്തിയ്ക്കായി ടെൻഡർ നടത്തുന്നതിന് സി. ഇ. ഒ. അനെർട്ടിന് നിശ്ചയിച്ചിട്ടുള്ള നിലവിലെ പരിധി 5 കോടി രൂപയാണ്. കേന്ദ്ര ഊർജ്ജ മന്ത്രാലയമായ MNRE (മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി) - യുടെ സ്റ്റേറ്റ് നോഡൽ ഏജൻസി ആയ അനെർട്ടിനെ 9,348 പമ്പുകൾ സൗരോർജ്ജവല്ക്കരിക്കുവാൻ 2022 - ൽ ചുമതലപ്പെടുത്തിയിരുന്നു.<br><br>പി. എം. കുസും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം നിർമ്മാണം നടത്തേണ്ട കമ്പനികളെ തെരഞ്ഞെടുക്കാനുള്ള എംപാനൽമെന്റ് പ്രക്രിയയാണ് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അനെർട്ട് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയ്ക്കായി ടെൻഡർ വിളിച്ചതുൾപ്പെടെ ഉയർന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ